(ബി) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 70,98,355.15 രൂപയും ഇ. ഡി. എ. ഗ്രാന്റിനത്തിൽ (1982-83 വർഷത്തേയ്ക്കുള്ള കുടിശ്ശിക) 20,911.82 രൂപയും 1984-85-ൽ നല്കുന്നതിന് കിട്ടിയിട്ടുണ്ട്. ഈ ഗ്രാന്റുകൾ നൽകുന്നതിനുവേണ്ടി 80 ലക്ഷം രൂപ 1984-85 ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നു.

(സി) നടപ്പ് സാമ്പത്തികവർഷത്തിൽ ഇതിനായി 82 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ബീഡി, കൈത്തറി, കയർ എന്നീ വ്യവസായമേഖലകളിലെ സഹകരണ സ്ഥാപനങ്ങൾ

* 361. [420] ശ്രീ. ഒ. ഭരതൻ :
,, വർക്കല രാധാകൃഷ്ണൻ :
,, ശ്രീമതി പി.ദേവൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബീഡി, കൈത്തറി, കയർ എന്നീ വ്യവസായമേഖലകളിലെ സഹകരണസ്ഥാപനങ്ങൾ ഇ. എസ്. ഐ. വിഹിതം ഗണ്യമായ സംഖ്യ അടച്ചു തീർക്കാൻബാക്കിയുള്ളതുകൊണ്ട് അത്തരം സ്ഥാപനങ്ങൾക്കെതിരെ ജപ്തി നടപടി സ്വീകരിച്ചു വരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജപ്തി നടപടികൾ സ്വീകരിക്കപ്പെടുന്നതു കാരണം ഈ സ്ഥാപനങ്ങൾ ആകെ അടച്ചു പൂട്ടേണ്ടി വരുമെന്നും അതിൽനിന്നും ഈ സ്ഥാപനങ്ങളെ രക്ഷിക്കണമെന്നും കാണിച്ച് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഇ. എസ്. ഐ. നിയമത്തിന്റെ പരിധിയിൽ വരുന്നതും, തൊഴിലുടമ വിഹിതം അടയ്ക്കാത്തതുമായ ബീഡി, കൈത്തറി, കയർ എന്നീ വ്യവസായ മേഖലകളിലെ സഹകരണസംഘങ്ങൾക്കു എതിരെ ജപ്തി നടപടികൾ സ്വീകരിച്ചുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) പൊതുവായ നിവേദനമൊന്നും ലഭിച്ചിട്ടില്ല. പക്ഷെ ജപ്തി നടപടികൾ വരുമ്പോൾ കയർ, ബീഡി, കൈത്തറി വ്യവസായമേഖലകളിലെ സഹകരണസംഘങ്ങളെ ഇ. എസ്. ഐ. നിയമത്തിൽ നിന്നും ഒഴിവാക്കണമെന്നു കാണിച്ച് സർക്കാരിന് നിവേദനങ്ങൾ സമർപ്പിക്കാറുണ്ട്. ഇതിൽ അപേക്ഷ ലഭിച്ച മിക്കവാറും എല്ലാ ബീഡി സ്ഥാപനങ്ങളേയും ഇ. എസ്. ഐ യിൽ നിന്നും താല്ക്കാലികമായി ഒഴിവാക്കിയിട്ടുണ്ട്. സാമ്പത്തികമായി വിഷമമനുഭവിക്കുന്ന കയർ, കൈത്തറി സൊസൈറ്റികളെ അവരുടെ അപേക്ഷകൾപരിശോധിച്ച് അർഹമെന്നുകണ്ടാൽ ഇ.എസ്. ഐ യിൽ നിന്നും താൽക്കാലികമായി ഒഴിവാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly